പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 526** **20.11.2019 ൽ മറുപടിയ്ക്ക്**

## കരാർ വ്യവസ്ഥകൾ ലംഘിച്ച നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ

| | ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | മറുപടി<br>അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പാലക്കാട് നെല്ലിയാമ്പതിയിലുള്ള ചെറുനെല്ലി എസ്റ്റേറ്റ് കരാർ ലംഘനം കാരണം സർക്കാർ ഏറ്റെടുത്തുവെങ്കിലും പിന്നീട് വിട്ടുകൊടുക്കേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പാലക്കാട് നെല്ലിയാമ്പതിയിലുള്ള ചെറുനെല്ലി എസ്റ്റേറ്റിൽ പാട്ടക്കരാർ ലംഘനം കണ്ടെത്തിയതിനെ തുടർന്ന് എല്ലാ നടപടി ക്രമങ്ങളും പാലിച്ച് കൊണ്ട് പ്രസ്തുത എസ്റ്റേറ്റിന്റെ പാട്ടക്കരാർ GO(Ms) No. 64/2012/FWLD dated 08.06.2012 നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെറുനെല്ലി എസ്റ്റേറ്റ് വനം വകുപ്പ് ഏറ്റെടുക്കുന്നതിനു മുൻപ് തന്നെ ടി എസ്റ്റേറ്റിന്റെ നിലവിലെ കൈവശക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അഞ്ച് റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും, പ്രസ്തുത കേസുകൾ പരിഗണിച്ച് ടി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള മേൽ പറഞ്ഞ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തു കൊണ്ട് ബഹു.ഹൈക്കോടതി 13.07.2012 ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാലും, കേസുകളിൽ അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതിനാലും നിലവിൽ ടി എസ്റ്റേറ്റ് സ്വകാര്യ വ്യക്തികളുടെ കൈവശം തന്നെയാണുള്ളത്. പാട്ടക്കരാർ റദ്ദ് ചെയ്ത് സർക്കാർ ഉത്തരവായെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുള്ളതിനാൽ ചെറുനെല്ലി എസ്റ്റേറ്റ് സർക്കാരിന് ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |

| | | | |
|---|---|---|---|
| (ബി) | നടപടിക്രമങ്ങളിലെ വീഴ്ച പരിഹരിച്ച് പ്രസ്തുത എസ്റ്റേറ്റ് വീണ്ടും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ; | (ബി) | നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ടാണ് ചെറുനെല്ലി എസ്റ്റേറ്റിന്റെ പാട്ടക്കരാർ റദ്ദ് ചെയ്തു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ നിലനിൽക്കുന്നതിനാൽ ആയതിന്മേലുള്ള അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമെ പ്രസ്തുത എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത വിഷയത്തിലുള്ള കോടതി നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ടി കേസുകളെല്ലാം തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി 'weekly list' ൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ ടി കേസിന്റെ വിചാരണക്ക് കാലതാമസം നേരിടുന്നുണ്ട്. ടി എസ്റ്റേറ്റുകൾ സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് വിഘാതമായ ഹൈക്കോടതി സ്റ്റേ ഒഴിപ്പിച്ച് നടപടികൾ വേഗത്തിലാക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചെറുനെല്ലി എസ്റ്റേറ്റുമായി ബന്ധപ്പെട്ട അഞ്ച് റിട്ട് പെറ്റീഷനുകളുടെ 'Early Posting' നു വേണ്ട നടപടികൾ സ്വീകരിച്ച് എസ്റ്റേറ്റ് സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് ആവശ്യമായ ത്വരിത നടപടികൾ സ്വീകരിക്കണമെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻറ് & റിസോഴ്സസ്) അഡ്വക്കേറ്റ് ജനറലിനോട് അപേക്ഷിച്ചിട്ടുള്ളതുമാണ്. പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് 18.09.2019 ന് വിളിച്ചു ചേർത്ത യോഗത്തിൽ പാട്ടക്കരാർ ലംഘനവുമായി ബന്ധപ്പെട്ട് കോടതിയിൽ സ്റ്റേ നിലവിലുള്ള കേസുകളിൽ സ്റ്റേ നീക്കം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകി. കൂടാതെ പാട്ടക്കരാർ ലംഘനവുമായി ബന്ധപ്പെട്ട എല്ലാ കേസുകളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് അഡീഷണൽ അഡ്വക്കറ്റ് ജനറലിനെക്കൂടി പങ്കെടുപ്പിച്ചു കൊണ്ട് ഒരു യോഗം കൂടി വിളിച്ചു ചേർക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | നെല്ലിയാമ്പതിയിലെ മണലാരു, വിക്ടോറിയ തുടങ്ങിയ എസ്റ്റേറ്റുകളിൽ കരാർ വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | | നെല്ലിയാമ്പതിയിലെ മണലാരു, വിക്ടോറിയ തുടങ്ങിയ എസ്റ്റേറ്റുകളിൽ പാട്ടക്കരാർ വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്ന് നിലവിലുള്ള നിയമങ്ങളുടെയും |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത എസ്റ്റേറ്റുകൾ ഏറ്റെടുക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) യും (ഇ) യും | ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചുകൊണ്ട് ടി എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന്റെ ആദ്യ നടപടിയായി ടി എസ്റ്റേറ്റുകളുടെ നിലവിലെ കൈവശക്കാർക്ക് നോട്ടീസ് നൽകുകയും, ഹിയറിംഗ് (Preliminary hearing) നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (എഫ്) | എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പു വരുത്തിക്കൊണ്ട് കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുക്കുമോ; വ്യക്തമാക്കാമോ? | (എഫ്) | തൊഴിലാളികളുടെ തൊഴിൽ ഉറപ്പു വരുത്തിക്കൊണ്ട് കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് 18.09.2019 ന് ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുവാനും, ഇത്തരം എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന വേളയിൽ ടി എസ്റ്റേറ്റുകളിലെ തൊഴിലാളി പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ടും, അവർക്ക് തൊഴിൽ ഉറപ്പാക്കിക്കൊണ്ടും മാത്രമേ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ പൂർത്തിയാക്കാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# DETAILS OF ESTATES LEASED OUT TO PRIVATE AGENCIES

I. Already resumed to Government and maintained by KFD or KFDC

| Sl.No | Name of Forest Division | Name of Estate | Extent in Acres | Year in which leased out | Period | Date of Resumption | Pending WP©s /SLP©s filed against resumption | Remarks |
|---|---|---|---|---|---|---|---|---|
| 1 | Nenmara | Schernelly (Upper) | 28.38 | 1867 | FE | 07.08.2010 | | |
| 2 | | West Pullala (Rosary) | 242.68 | 1955 | 40 | 12.04.1995 | | |
| 3 | | Cliff View | 14.80 | 1956 | 40 | 28.04.2004 | | |
| 4 | | Cliff View | 4.99 | 1956 | | 10.07.2004 | | |
| 5<br>6<br>7<br>8<br>9 | | Meera Flores (Valvachan) | 486.42 | 1933 | FE | 27.06.2011 | | |
| 10 | | Thuthampara | 351.21 | 1908 | 99 | 15.07.2007 | OS 233/07<br>AS 11/08<br>RSA 933/10 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | Nenmara | Beatrice (South) | 246.14 | 1955 | 99 | 31.05.2002 | SLP© 879-80 / 16 | Pending Before Court |
| 12 | | Beatrice (North) | 33.67 | 1877 | FE | 22.11.2015 | WP© 35832/15 SLP© 18760/18 SLP© 9661/17 CCC 451/12 | Pending Before Court |
| | | Sub Total1 | **1408.27** | | | | | |

സെക്ഷൻ ഓഫീസർ

II. Estates which were resumed but could not completed due to court proceedings

| Sl.No | Name of Forest Division | Name of Estate | Extent in Acres | Year in which leased out | Period | Govt. order to resume the land | Date of Resumption | Pending WP©s /SLP©s filed against | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | Nenmara | Schernelly | 278.8 | 1867 | FE | GO(MS) No.64/2012 /F&WLD dated.08.06.2012 | | 16579/12 15128/12 16716/12 16134/12 16178/12 | Hon'ble High Court through interim order in the WP©s stayed further proceedings of resumption as per the GO. Case pending with High Court. |
| 2 | | Karappara A | 541.37 | 1878 | FE | GO(MS) No.83/2013 /F&WLD dated.30.08.13 | | 23984/13 | |
| 3 | | Karappara B (Kairali Estate) | 577.12 | 1878 | FE | GO(MS) No.83/2013 /F&WLD dated.30.08.13 | | 23958/13 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | Nenmara | Alexandria (A) | 91.42 | 1949 | FE | GO(MS) No.63/2014 /F&WLD dated.31.07 .14 | | 22988/14 23386/14 | Hon'ble High Court through interim order in the WP©s stayed further proceedings of resumption as per the GO. Case pending with High Court. |
| 5 | | | 25.00 | | | | | | |
| 6 | | | 25.00 | | | | | | |
| 7 | | | 25.00 | | | | | | |
| 8 | | | 22.00 | | | | | | |
| 9 | | | 13.58 | | | | | | |
| 10 | | | 23.00 | | | | | | |
| 11 | | | 25.00 | | | | | | |
| 12 | | Alexandria (B) | 107.33 | 1949 | FE | GO(MS) No.63/2014 /F&WLD dated.31.07 .14 | | 23007/14 23643/14 | |
| 13 | | | 44.42 | | | | | | |
| 14 | | | 25.00 | | | | | | |
| 15 | | | 25.00 | | | | | | |
| 16 | | | 25.00 | | | | | | |
| 17 | | | 25.00 | | | | | | |
| 18 | | Brukeland | 250.00 | 1949 | FE | GO(MS) No.63/2014 /F&WLD dated.31.07 .14 | | 22920/14 | |

iii Estates in which Lease violation reported and action is being taken to cancel the lease

| Sl. No | Name of Forest Division | Name of Estate | Extent in Acres | Year in which leased out | Period | Date of issue of Notice | Hearing Date | Pending WP©s /SLP©s | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | Nenmara | Manalaroo (Nelliyampathy Tea & Produce Company [AVT]) | 621.59 | 1863 | FE | 17.10.13 | 12.11.13 (Priliminary hearing) | WP© 12747/13 | The matter is pending with Govt. Last reminder sent on 12.04.19. |
| 2 | | Pothupara(AVT) | 150.49 | 1863 | FE | 17.10.13 | 12.11.13 (Priliminary hearing) | WP© 13184/13 | The matter is pending with Govt. Last reminder sent on 12.04.19. |
| 3 | | Karadimala (AVT) | 272.78 | 1875 | FE | 17.10.13 | 12.11.13 (Priliminary hearing) | WP© 12729/13 | The matter is pending with Govt. Last reminder sent on 12.04.19. |
| 4 | | Lilly (AVT) | 213.58 | 1875 | FE | 17.10.13 | 12.11.13 (Priliminary hearing) | WP© 5197/13 | The matter is pending with Govt. Last reminder sent on 12.04.19. |
| 5 | | Cochin Manalaroo [AVT] | 609.93 | 1863 | FE | 17.10.13 | 12.11.13 (Priliminary hearing) | WP© 12773/13 | The matter is pending with Govt. Last reminder sent on 12.04.19. |
| 6 | | Victoria | 619.45 | 1961 w.ef. 1946 | 99 | 17.10.13 | 12.11.13 (Priliminary hearing) | WP© 13186/13 | The matter is pending with Govt. Last reminder sent on 12.04.19. |
| 7 | | Monkwood (AVT) | 65.23 | 1863 | FE | 17.10.13 | 12.11.13 (Priliminary hearing) | WP© 13185/13 | The matter is pending with Govt. Last reminder sent on 12.04.19. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 19 | Nenmara | Monkwood | 232.82 | 1949 | FE | GO(MS) No.23/12/F &WLD dated.28.03 .12 | | 10120/12 10122/12 10127/12 | Hon'ble High Court through interim order in the WP©s stayed further proceedings of resumption as per the GO. Case pending with High Court. |
| 20 | | Rajakkad | 288.85 | 1944 | FE | GO(MS) No.23/12/F &WLD dated.28.03 | | 8904/12 9013/12 10248/12 | |
| | | Sub Total 2 | **2670.71** | | | | | | |

C.H.
ലെയ്സൺ ഓഫീസർ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 8 | Nenmara | Chandramala (VKT Pvt Ltd) | 186.06 | 1863 | FE | 25.02.16 | 25.01.17 (scheduled date) (No records whther hearing conducted) | WP© 19685/13 | The matter is pending with Govt. Two more documents has to be submitted by DFO, Nenmara. |
| 9 | | Kumbalakkode (VKT Pvt Ltd) | 306.55 | 1863 | FE | 25.02.16 | 25.01.17 (scheduled date) (No records whther hearing conducted) | WP© 21827/13 | The matter is pending with Govt. Two more documents has to be submitted by DFO, Nenmara. |
| 10 | | Cottengadi (VKt Pvt Ltd) | 305.56 | 1863 | FE | 25.02.16 | 25.01.17 (scheduled date) (No records whther hearing conducted) | WP© 30591/13 | The matter is pending with Govt. Two more documents has to be submitted by DFO, Nenmara. |
| 11 | | Pulayanpara (VKT) | 1.27 | 1945 | 99 yrs | 25.02.16 | 25.01.17 (scheduled date) (No records whther hearing conducted) | | The matter is pending with Govt. Two more documents has to be submitted by DFO, Nenmara. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 12 | Nenmara | Chandramala (VKT) | 9 | 1940 | 99 yrs | 25.02.16 | 25.01.17 (scheduled date) (No records whther hearing conducted) | WP© 18690/13 | The matter is pending with Govt. Two more documents has to be submitted by DFO, Nenmara. |
| 13 | | Chandramala (VKT) | 0.11 | 1942 | FE | 25.02.16 | 25.01.17 (scheduled date) (No records whther hearing conducted) | | The matter is pending with Govt. Two more documents has to be submitted by DFO, Nenmara. |
| | | Sub Total - 3 | **3361.6** | | | | | | |

(signature)
സെക്ഷൻ ഓഫീസർ

iii. Estates in which Lease violation reported and action for resuming to be initiated.

| Sl. No | Name of Forest Division | Name of Estate | Extent in Acres | Year in which leased out | Period | Date of issue of Notice | Hearing Date | Pending WP©s /SLP©s | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | | Poothund | 406.17 | 1877 | FE | | | | |
| 2 | | Alexandria (Cochin Plantation | 182.8 | 1875 | FE | | | | |
| 3 | | Victoria (Cochin Plantation) | 103.47 | 1875 | FE | | | | |
| 4 | | Beatrice (Cochin Plantation) | 190.21 | 1875 | FE | | | | |
| 5 | | East Pullala | 347.65 | 1962 | 99 yrs | | | | |
| 6 | | Suryappara (A) | 250 | | | | | | |
| 7 | | Suryappara (B) | 100 | 1882 | FE | | | | |
| 8 | | Suryappara (C) | 233.23 | | | | | | |
| | | **Sub Total - 3** | **1813.53** | | | | | | |

സെക്ഷൻ ഓഫീസർ